**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **17-03-2022 - ൽ മറുപടിയ്ക്ക്**

**മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ച് ഗ്രാമീണ മേഖലയുടെ പുരോഗതിക്കായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും യോജിപ്പിച്ച് ഗ്രാമീണ മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2 പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുകയും ടി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 400 ലക്ഷം രൂപയും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമാണ് ടി പ്രദേശത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി |

| | | | |
|---|---|---|---|
| | | | ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും വിളവെടുപ്പ് കാലയളവിൽ കർഷകരിൽ നിന്ന് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഉൽപ്പാദനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടേയും, പ്രമുഖ മാർക്കറ്റിംഗ് സംഘങ്ങളുടേയും മാർക്കറ്റ്ഫെഡിന്റേയും ഏകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചുള്ളതാണ് മേൽ പ്രകാരമുള്ള 2 പദ്ധതികളും. |
| (ബി) | ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി ഭക്ഷ്യോല്പന്നങ്ങൾക്ക് മിൽമ മാതൃകയിൽ സഹകരണ വിപണന ശൃംഖല സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉല്പാദകരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി ഭക്ഷ്യോല്പന്നങ്ങൾക്ക് സഹകരണ വിപണന ശൃംഖല സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി പൈലറ്റ് അടിസ്ഥാനത്തിൽ 14 സഹകരണ ഉൽപ്പന്ന വിപണന ശാലകളായ കോപ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി കോപ്മാർട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് വരുന്നു. ഉൽപ്പാദകരിൽ നിന്നും സാധനങ്ങൾ ലഭ്യമാക്കി കോപ് മാർട്ടുകളിൽ എത്തിക്കുന്നതിനുള്ള ലോജിസ്റ്റിക് സംവിധാനം നിർവഹിക്കുന്നതിനായി നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (NMDC) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ ഔട്ട്ലെറ്റുകളായ കോപ്മാർട്ടുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള "ഇ-സെല്ലിംഗ് മോബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ" തയ്യാറാക്കുന്നതിനുള്ള നടപടിയും അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണവും ഗ്രാമസമ്പദ് വ്യവസ്ഥയുടെ പുരോഗതിക്ക് അനിവാര്യ ഘടകങ്ങളായതിനാൽ ഈ രംഗങ്ങളിൽ ഫലപ്രദമായ രീതിയിൽ ഇടപെടാൻ കഴിയുന്ന തരത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഭക്ഷ്യ സംസ്കരണവും മൂല്യ വർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണവും ഗ്രാമസമ്പദ് വ്യവസ്ഥയുടെ പുരോഗതിക്ക് അനിവാര്യ ഘടകങ്ങളായതിനാൽ ഈ രംഗങ്ങളിൽ ഫലപ്രദമായ രീതിയിൽ ഇടപെടാൻ കഴിയുന്ന തരത്തിലുള്ള രണ്ടു സഹകരണ സംഘങ്ങൾ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1.പാലക്കാട് പാഡി പ്രൊക്യയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു. 2. കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27നു രൂപീകരിച്ചു. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്. സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് |

| | | | |
|---|---|---|---|
| | | | ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ